**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2875

10.12.2014-ലെ മറുപടിയ്ക്ക്

**ഇക്കോ ടൂറിസം പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ ഏതൊക്കെ ഇക്കോ ടൂറിസം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; ഓരോന്നിന്റെയും പ്രത്യേകതകൾ വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ടൂറിസം വകുപ്പിന്റെ കീഴിൽ നിലവിലുള്ള ഇക്കോടൂറിസം പദ്ധതികൾ താഴെപറയുന്നവയാണ്:<br>ചിമ്മിനി, കോന്നി, സൈലന്റു വാലി, ഇരവികുളം, രാജമല, നെയ്യാർ-പേപ്പാറ, ജഡായുപാറ, ആറളം, തെന്മല, പക്കം-കുറുവ, തുഷാരഗിരി, ജാനകിക്കാട്, മറയൂർ, പൊന്മുടി, ശെന്തുരുണി, മങ്കയം, വാൽപ്പാറ, ഗവി, പാലരുവി, തിരുവില്വാമല, അഞ്ചുരുളി, ചെല്ലാർ കോവിൽ, വയനാട്, അരിപ്പ, ചിന്നാർ, കമ്പമല, പറമ്പിക്കുളം, മണ്ണാർകാട്, അനങ്ങൻമല, കുടുക്കത്തു പാറ, മരുതിമല, പരുന്തുറാഞ്ചിമണപ്പുറം, വെള്ളിക്കീൽ ഇവയാണ്.<br>ഇക്കോടൂറിസം കേന്ദ്രങ്ങൾ ഏറിയ പങ്കും വനപ്രദേശങ്ങളിലാകയാൽ പൊതു ടൂറിസം കേന്ദ്രങ്ങളിൽ നിന്നും ഭിന്നമായി ഇക്കോടൂറിസം കേന്ദ്രങ്ങളിൽ എല്ലാം തന്നെ പ്രദേശത്തിന്റെ സ്വാഭാവിക പരിസ്ഥിതിക്കനുകൂലമായ വിനോദ സഞ്ചാര പ്രവർത്തനങ്ങളാണ് നിലവിലുള്ളത്. ട്രക്കിംഗ്, ബോട്ടിംഗ്. അക്വേറിയം, ഇന്റർപ്രട്ടേഷൻ സെന്റർ, വ്യൂ |

പോയിന്റ്, തൂക്കുപാലം, കുട്ടികളുടെ പാർക്ക്, ഇരിപ്പിടങ്ങൾ, ടോയ്‌ലറ്റ് എന്നീ സൗകര്യങ്ങളാണുള്ളത്.

(ബി) ഈ പദ്ധതികളിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള കർമ്മ പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

(ബി) ഇക്കോടൂറിസം കേന്ദ്രങ്ങളിൽ പരിസ്ഥിതിയെ ദോഷകരമായി ബാധിക്കാത്ത തരത്തിൽ വാഹകശേഷിക്ക് അനുസരിച്ചാണ് സഞ്ചാരികളെ അനുവദിക്കുന്നത്. പ്രകൃതിയുടെ സ്വാഭാവിക സൗന്ദര്യം ആസ്വദിക്കാനാണ് ഇക്കോടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികൾ എത്തുന്നത്. ആകയാൽ പ്രദേശത്തിന്റെ സ്വാഭാവിക ഭൂപ്രകൃതിയ്ക്ക് കോട്ടം വരാത്ത തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികളാണ് ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ആവിഷ്കരിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ